## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 39 — 06.01.2014-ൽ മറുപടിയ്ക്ക്

## മുഖ്യമന്ത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവ്

| | ചോദ്യം<br>ശ്രീ. എ.എം. ആരിഫ് | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | മുഖ്യമന്ത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവ് ആയിരുന്ന ഷാഫി മേത്തർ മറ്റേതെല്ലാം പദവികൾ വഹിച്ചിട്ടുണ്ടായിരുന്നു ; | (എ) | ശ്രീ. സാം പിത്രോഡയുടെ നേതൃത്വത്തിൽ പുതിയ പ്രൊപ്പോസലുകൾ പരിശോധിക്കുന്നതിനായും, സർക്കാരിന്റെ ഒന്നാം വാർഷികത്തിലെ ആക്ഷൻ പ്ലാനിൽ പ്രഖ്യാപിച്ചിരുന്ന 4 സിയാൽ മോഡൽ കമ്പനികൾ സ്ഥാപിക്കുന്നതു പോലുള്ള സ്പെഷ്യൽ പ്രോജക്ടുകളിൽ ബഹു.മുഖ്യമന്ത്രിക്കാവശ്യമായ ഉപദേശങ്ങൾ നൽകുന്നതിനായും, സർക്കാരിന്റെ സാമ്പത്തിക വിഷയങ്ങളിൽ ബഹു.മുഖ്യമന്ത്രിയ്ക്കാവശ്യമായ ഉപദേശങ്ങൾ നൽകുന്നതിനുമായാണ് മുഖ്യമന്ത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവ് എന്ന തസ്തികയിൽ 21.05.2012-ലെ ജി.ഒ.(എം.എസ്) നം.119/12/പൊഭവ ഉത്തരവ് പ്രകാരം ശ്രീ. ഷാഫി മേത്തറെ നിയമിച്ചത്. |
| (ബി) | ഏതെല്ലാം പദവിയിൽ നിന്ന് ഇദ്ദേഹം രാജി വെക്കുകയുണ്ടായി ; വിശദമാക്കാമോ ; | (ബി) | മുഖ്യമന്ത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവ് എന്ന പദവിയിൽ നിന്നും അദ്ദേഹത്തെ 18.07.2013 മുതൽ റിലീവ് ചെയ്തു കൊണ്ട് 25.07.2013-ൽ ജി.ഒ.(ആർ.ടി) 6200/13/പൊഭവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | മുഖ്യമന്ത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവ് എന്ന നിലയിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ ഇദ്ദേഹം നിയോഗിക്കപ്പെട്ടിട്ടുണ്ടായിരുന്നുവെന്നും, പ്രസ്തുത സ്ഥാപനങ്ങളിൽ തുടർന്നു വന്നിരുന്ന കാലയളവിൽ വിവിധ ഇനങ്ങളിലായി ചെലവായ തുക എത്രയാണെന്നും വിശദമാക്കാമോ ? | (സി) | പൊതുമരാമത്തു വകുപ്പിനു കീഴിലുള്ള പ്രതീക്ഷാ ബസ് ഷെൽട്ടർ കമ്പനി, ആശ്വാസ് പബ്ലിക് യൂട്ടിലിറ്റി കമ്പനി എന്നിവയിൽ ഡയറക്ടർ ബോർഡ് അംഗമായി പ്രവർത്തിച്ചിട്ടുണ്ട്. 2012 ജൂൺ മുതൽ 2013 ജൂൺ വരെ മൊബൈൽ ഫോൺ ചാർജ്ജ് ഇനത്തിൽ 8206/- രൂപയും ടൂറിസം വകുപ്പിൽ നിന്നും വാഹനം നൽകിയ വകയിൽ 4,06,733/- രൂപയും ചെലവായിട്ടുണ്ട്. 18,258/- രൂപ പ്രതിമാസ വാടകയ്ക്ക് ഔദ്യോഗിക വസതി അനുവദിച്ചിരുന്നെങ്കിലും വാടകയിനത്തിൽ യാതൊരു തുകയും ചെലവായിട്ടില്ല. |

സെക്ഷൻ ഓഫീസർ